
# ഇംഗ്ലണ്ടിലേക്ക് വരുന്ന ധ്യാന ഗുരുക്കന്മാരോട് ഒരപേക്ഷ

* റ്റോം ജോസ് തടിയമ്പാട്, ലിവർപൂൾ യു.കെ.*



12-ാം നൂറ്റാണ്ടിൽ കുരിശുയുദ്ധക്കാർ യൂദന്മാരെ കൂട്ടക്കൊല ചെയ്ത ഇംഗ്ലണ്ടിലെ യോർക്ക് എന്ന സ്ഥലത്ത് **Cliffords** ടവറിനു മുന്നിൽ

കഴിഞ്ഞ 20 വർഷത്തിനുള്ളിൽ കേരള സമൂഹത്തിൽ ഉണ്ടായ ഒരു പ്രതിഭാസമാണ് ധ്യാനം എന്ന് മലയാളത്തിലും retreat എന്ന് ഇംഗ്ലീഷിലും പറയുന്നത്. ആത്മീയ സൗഖ്യത്തിനുവേണ്ടി മാറിത്താമസിച്ച് പ്രാർത്ഥിക്കുക എന്നാണ് ഇതിനർത്ഥമാക്കുന്നത്. ഇതിന്റെ ഭാഗമായി കേരളത്തിൽ ഒട്ടേറെ ആളുകൾ മദ്യപാനം നിർത്തുകയും അസൻമാർഗിക – മാർഗത്തിലൂടെ നടന്ന ഒട്ടേറെ മനുഷ്യർ നേർവഴിയിലൂടെ ജീവിതം നയിക്കുകയും ചെയ്യുന്നത് നമുക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്. ഇതൊക്കെ ധ്യാനത്തിന്റെ നല്ല വശങ്ങൾ തന്നെ. അതുപോലെ തന്നെ സമൂഹം ഉപേക്ഷിച്ച എയ്ഡ്സ് രോഗികളെപ്പോലെയുള്ള മനുഷ്യരെ സംരക്ഷിക്കാൻ ഒത്തിരി നല്ല മനുഷ്യർ ശ്രമിക്കുന്നു. അതിലൂടെ അവർ ക്രൈസ്തവത കണ്ടെത്തുന്നു. ഇതെല്ലാം ഈ ആത്മീയ മുന്നേറ്റത്തിന്റെ നല്ല വശങ്ങൾ തന്നെ. എത്ര എതിർത്തു ചിന്തിക്കുന്നവർക്കുപോലും സമ്മതിക്കേണ്ടി വരും.

ഇംഗ്ലണ്ടിൽ ജീവിതം ആരംഭിച്ചതിനു ശേഷം രണ്ടു ധ്യാനങ്ങളിൽ പങ്കെടുക്കുവാനും ഒട്ടേറെ പെന്തക്കോസ് പാസ്റ്റർമാരുടെ പ്രസംഗങ്ങൾ കേൾക്കുവാനും ഇടവന്നു. ഇതിൽ അവസാനം പങ്കെടുത്ത ധ്യാനം ഒരു കോളേജ് പ്രിൻസിപ്പാളായ അച്ചൻ നേതൃത്വം നൽകിയതായിരുന്നു. അദ്ദേഹത്തിന്റെ ജീവിത അനുഭവങ്ങളിൽ നിന്നും പകർത്തിയ വാക്കുകൾ വളരെയേറെ സാധാരണക്കാരന്റെ ജീവിതത്തിന് പ്രചോദനം നൽകുന്നതും ഗുണപരവുമായിരുന്നു. അദ്ദേഹം പറഞ്ഞ മൂന്ന് കാര്യങ്ങൾ എന്നെ നന്നായി ചിന്തിപ്പിക്കുകയുണ്ടായി. ക്രിസ്തു എല്ലാ സ്ഥലത്തും തോറ്റുകൊണ്ട് വിജയിക്കുകയാണ് ചെയ്തത്. അദ്ദേഹം കണ്ടെത്തിയ സത്യങ്ങൾക്കു വേണ്ടി വിശ്വാസങ്ങൾക്കുവേണ്ടി സർവ്വ ഭൗതികമായ സുഖങ്ങളും ഉപേക്ഷിച്ച് ബോധപൂർവ്വമായ തോൽവിയിലൂടെയാണ് ക്രിസ്തു ഈ വിജയം നേടിയത്; രണ്ടാമത് അദ്ദേഹം പറഞ്ഞത് സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥന ചെല്ലുമ്പോൾ വളരെയേറെ പേടിക്കണം. കാരണം, അതിൽ ഒരു വ്യവസ്ഥ പറയുന്നുണ്ട്. "മറ്റുള്ളവരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമെ ". ഇത് ആർക്ക് സത്യസന്ധമായി ചൊല്ലാൻ കഴിയും. മൂന്നാമത് വിശുദ്ധ കുർബ്ബാന സ്വീകരിക്കാൻ,

അത് അർപ്പിക്കുന്ന അച്ഛന്മാർക്ക് പോലും യോഗ്യതയുണ്ടോ എന്ന് സംശയിക്കണം. കാരണം " ആരോടെങ്കിലും വിരോധമുണ്ടങ്കിൽ അത് പറഞ്ഞു തീർന്നിട്ടു വേണം വിശുദ്ധ കുർബ്ബാന സ്വീകരിക്കാൻ". ഇതൊക്കെ അദ്ദേഹം പറഞ്ഞത് എത്രമാത്രം സത്യസന്ധതയോടും യുക്തി ബോധത്തോടും കൂടിയാണന്ന് ചിന്തിച്ച് പോകുന്നു.

മറ്റൊന്ന് അദ്ദേഹം പറഞ്ഞത് ഈ രാജ്യത്തിന് (ഇംഗ്ലണ്ടിന്) ഇന്നുണ്ടായിരിക്കുന്ന ആത്മീയ തകർച്ചയിൽ നിന്നും രക്ഷ നേടുന്നതിന് വേണ്ടി നിങ്ങൾ പ്രാർത്ഥിക്കണം. ഇതിനു സമാന മായ പ്രസ്താവനകൾ പെന്തക്കോസ്ത് പാസ്റ്റർമാരിൽ നിന്നും പല ധ്യാന ഗുരുക്കന്മാരിൽ നിന്നും പല പ്രാവശ്യം കേൾക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ 7 വർ,ങ്ങൾക്കു മുമ്പ് ഈ രാജ്യത്തു വന്നപ്പോൾ പ്രധാനമായും കേട്ടിരുന്ന ഒരു സംസാരം നമ്മളെ ഈ രാജ്യത്ത് ദൈവം കൊണ്ടുവന്നിരിക്കുന്നത് ഈ രാജ്യത്തിന്റെ നഷ്ടപ്പെട്ടുപോയ ആത്മീയ സംസ്ക്കാരം തിരിച്ചുകൊണ്ടുവരുന്നതിനു വേണ്ടിയാണ് എന്നാണ്. ഏത് കാലത്ത് നഷ്ടപ്പെ ട്ടുപോയ ആത്മീയത തിരിച്ചുകൊണ്ടുവന്നാണ് നമ്മൾ പ്രാർത്ഥിക്കേണ്ടത് എന്ന് മനസ്സിലാ ക്കാൻ കഴിയാതത്തതുകൊണ്ടാണ് ഇങ്ങനെയൊന്ന് എഴുതാമെന്ന് കരുതിയത്.

12-ാം നൂറ്റാണ്ടിൽ കാത്തോലിസം വളരെ ശക്തമായി നിലനിന്നിരുന്ന കാലത്ത് രാജ്യവും സർവ്വതും നഷ്ടപ്പെട്ട് അനാഥരായ് ജീവിക്കാൻ നിവൃത്തിയില്ലാതെ ഇംഗ്ലണ്ടിലെ യോർക്ക് എന്ന സ്ഥലത്ത് താമസിച്ചിരുന്ന ജൂഡന്മാരെ കൂട്ടക്കൊല ചെയ്ത "cliffords Tower" ഇന്നും മതഭീകരതയുടെ പ്രതീകമായി നിലനിൽക്കുന്നു.

15-ാം നൂറ്റാണ്ടിൽ ആരംഭിച്ച പ്രോട്ടസ്റ്റന്റ് മൂവ്മെന്റ്സിനു ശേഷം പ്രൊട്ടസ്റ്റന്റ് രാജാവ് അധികാരത്തിൽ ഇരുന്നപ്പോൾ കത്തോലിക്കരെയും കത്തോലിക്കാ രാജാവ് അധികാരത്തി ലിരുന്നപ്പോൾ പ്രോട്ടസ്റ്റന്റുകളെയും അതിക്രൂരമായി മർദ്ദിച്ച് കൊലപ്പെടുത്തിയതിന്റെ കഥ വിവരിച്ചുകൊണ്ട് ലണ്ടനിലെ തെംസ് നദിതീരത്ത് Tower of London തലയുയർത്തി നിൽക്കു ന്നു. കുറച്ച് മുമ്പോട്ട് വന്നാൽ 1930 കളിൽ ലണ്ടനിൽ യൂദന്മാർ താമസിച്ചിരുന്നു. ചേരിക ളിൽ (ghettos) നടത്തിയ ആക്രമണങ്ങൾ, അതുപോലെ തന്നെ Irish കാർക്ക് നേരെ നടത്തിയ ആക്രമണങ്ങൾ എന്തിന്, 1980 കളിൽ പോലും കറുത്ത വർഗ്ഗക്കാരുടെ കൂടെ നിന്ന് ജോലി ചെയ്യുവാൻ വെള്ളക്കാർ തയ്യാറല്ലായിരുന്നു.

ഇന്ന് ലിവർപൂളിലെ ഒട്ടേറെ മലയാളികൾ ജോലി ചെയ്യുന്ന Jacobs എന്ന ബിസ്ക്കററ് ഫാക്ടറിയിൽ 1960 ൽ എഴുതി വച്ചിട്ടുണ്ടായിരുന്നു. "We have vaccancies But Except Irish". എന്തിന് 1960 കളിൽ ബ്രിട്ടീഷ് കാരുടെ പിന്തുണയോടെ ദക്ഷിണാഫ്രിക്ക ഭരിച്ചിരുന്ന വർണ്ണവെറിയൻ ഭരണകൂടത്തിന്റെ പ്രസിഡന്റായിരുന്ന Peter William Bothom പരസ്യ മായി പ്രസംഗിച്ചത് ഓർക്കുന്നു. നിങ്ങൾ കറുത്ത വർഗ്ഗക്കാർ ദൈവത്താൽ ശപിക്കപ്പെട്ടവ രാണ്. അതിന് അദ്ദേഹം കണ്ടെത്തിയ ബൈബിൾ വാക്യം ബൈബിളിലെ പഴയ നിയമ ത്തിൽ നിന്നായിരുന്നു.

നോഹ വീഞ്ഞുകുടിച്ച് കൂടാരത്തിൽ കിടന്ന് ഉറങ്ങിയപ്പോൾ അദ്ദേഹത്തിന്റെ കുട്ടികൾ പുറത്തിറങ്ങി. അതിൽ കുറച്ചു കുട്ടികൾ തിരിച്ച് പെട്ടകത്തിൽ വന്നപ്പോൾ നോഹ

നഗ്നനായി കിടക്കുന്നതാണ് കണ്ടത്. അവർ പുറത്ത് ചെന്ന് അപ്പൻ നഗ്നനായി കിടക്കുന്നു എന്നറിയിച്ചു. അപ്പോൾ പുറത്ത് നിന്ന കുട്ടികൾ പുറകോട്ട് നടന്നു വന്ന് ഒരു മുണ്ടെടുത്ത് അപ്പന്റെ നഗ്നത മറച്ചു. ഉറക്കത്തിൽ നിന്നെഴുന്നേറ്റ നോഹ എന്താണ് സംഭവിച്ചതെന്ന് അന്വേഷിച്ചതിനു ശേഷം അപ്പന്റെ നഗ്നത കണ്ടിട്ട് ഒന്നും ചെയ്യാതിരുന്ന കുട്ടികളെ അദ്ദേഹം ശപിച്ചു. നിങ്ങളെന്നും അപ്പന്റെ നഗ്നത മറച്ച കുട്ടികൾക്ക് അടിമകളായിരിക്കും. അതുകൊണ്ട് നിങ്ങൾ കറുത്ത വർഗ്ഗക്കാർ ഞങ്ങൾ വെളുത്ത വർഗ്ഗക്കാർക്ക് എന്നും അടിമകളായിരിക്കും എന്ന് **Peter William Bothom** പ്രഖ്യാപിച്ചു.

മേൽ വിവരിച്ചതെല്ലാം ക്രൂരതകളെല്ലാം അരങ്ങേറിയത് ബൈബിളിനെയും, കുരിശിൽ കിടന്ന് തന്നോട് ക്രൂരതകൾ കാണിച്ചവരോട് ക്ഷമിക്കണമേ എന്ന് പ്രാർത്ഥിച്ച ക്രിസ്തുവിന്റെയും പേരിലാണ്. ഇതിൽ ഏത് കാലഘട്ടത്തിലേക്കാണ് നാം തിരിച്ചു പോകണ്ടത്. 1980 കളിൽ തന്നെ ബ്രിട്ടീഷ് കാരുടെ നേതൃത്വത്തിലുണ്ടായിരുന്ന സൗത്ത് ആഫ്രിക്കയിലെ ഗവൺമെന്റ് Benjamin Molloys എന്ന കറുത്ത വർഗ്ഗക്കാരനായ കവിയെ തൂക്കിക്കൊന്നതിന്റെ കാരണം അദ്ദേഹം സ്വാതന്ത്ര്യത്തിനു വേണ്ടി കവിത എഴുതി എന്നതായിരുന്നു. ആ കാലത്തു തന്നെ പോലീസ് സ്റ്റേഷന്റെ ഇരുമ്പു ഗെയ്റ്റിനുള്ളിൽ രണ്ടു കറുത്ത വർഗ്ഗക്കാരുടെ നടുവിലേക്ക് രണ്ടു ബുൾ ഡോഗുകളെ (Bull Dog) അഴിച്ചു വിട്ട് അവരെ കടിച്ച് കൊല്ലുന്നതു കണ്ട് ആസ്വദിച്ചിരുന്ന പോലീസ്കാരെ ഈ അടുത്ത കാലത്താണ് ശിക്ഷിച്ചത്. ഇതെല്ലാം നടന്നത് ഇംഗ്ലണ്ടിൽ പള്ളിയും വിശ്വാസവും ശക്തമായിരുന്ന കാലത്താണ്.

എന്നാൽ ഇന്ന് പള്ളികൾ വിശ്വാസികൾ ഇല്ലാതെ അടയുമ്പോൾ ആ സ്ഥാനത്ത് Pub കളും ഹെൽത്ത് സെന്ററുകളും ഉയരുന്ന കാലത്താണ് നാം ജീവിക്കുന്നത്. എന്നാൽ ഇന്നത്തെ മൂല്യങ്ങൾ എത്രയോ മനുഷ്യതപരവും നീതിയുക്തവുമാണന്ന് ചിന്തിച്ചു പോകുന്നു.

ഞാൻ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ ജോലി ചെയ്യുന്നവരിൽ ഏറെ പേരും Retired Military ഉദ്യോഗസ്ഥന്മാരാണ്. അതിൽ തന്നെ Fokland യുദ്ധത്തിലും ബോസനിയായിലെ സൈനിക നടപടികളിലും ഒക്കെ പരിക്ക് പറ്റിയവരും അവരും ഞാനും മേടിക്കുന്ന ശമ്പളത്തിന് ഒരു വ്യത്യാസവുമില്ല.

അതുപോലെ തന്നെ ജീവിതത്തിലെ എല്ലാ തുറകളിലും ബ്രിട്ടീഷ് ഗവൺമെന്റ് അവരേപ്പോലെ തന്നെ നമുക്കും അവസരങ്ങൾ തന്നിട്ടുണ്ട് എന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ് പാക്കിസ്താനിൽ അവധിക്ക് പോയ 5 വയസ്സുകാരൻ സാഹിൽ എന്ന കുട്ടിയെ ക്രിമിനൽ സംഘങ്ങൾ തട്ടിക്കൊണ്ടുപോയി. 100000 പൗണ്ട് മോചനദ്രവ്യം കൊടുക്കാത്ത പക്ഷം കുട്ടിയെ അതിക്രൂരമായി കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയപ്പോൾ ആ കുട്ടിയെ രക്ഷിക്കാൻ ബ്രിട്ടീഷ് ഗവൺമെന്റും ബ്രിട്ടീഷ് മാധ്യമങ്ങളും നടത്തിയ ശ്രമവും അതിലൂടെ ആ കുട്ടിയെ രക്ഷിക്കാൻ കഴിഞ്ഞതും.

ഈ അടുത്ത കാലത്ത് ഇംഗ്ലണ്ടിലെയും കേരളത്തിലെയും പത്രങ്ങളിൽ നിറഞ്ഞു നിന്നിരുന്ന ഒരു വാർത്ത " 12 വയസ്സുകാരൻ അപ്പനായി" അതിൽ അമ്മയായ പെൺകുട്ടി 14 വയസ്സുകാരി. പലരുമായി ശാരീരിക ബന്ധം പുലർത്തിയ ആ പെൺകുട്ടി ഗർഭിണിയായത്

12 വയസ്സുകാരനിൽ നിന്നല്ല എന്ന് പിന്നീട് ഡി. എൻ. എ. ടെസ്റ്റിൽ തെളിഞ്ഞു. എന്നാൽ ആ 14 വയസ്സുകാരി എങ്ങനെ ആ കുട്ടിയെ സംരക്ഷിക്കുമെന്ന പ്രശ്നത്തിന് മുമ്പിലേക്ക് കടന്നു വന്നത് ഒരു ക്രിസ്ത്യൻ പാതിരിയായിരുന്നു. അദേഹം ആ നവജാത ശിശുവിനെ ദത്തെടുത്തുകൊണ്ട് ഇങ്ങനെ പറഞ്ഞു. "എല്ലാ ജീവനുകളും ദൈവത്തിന്റെ മുമ്പിൽ വളരെ ശ്രേഷ്ടമാണ്. അതുകൊണ്ട് തന്നെ ഈ കുട്ടിയെ ജീവിക്കാൻ സഹായിക്കുക എന്നതാണ് എന്റെ പ്രഥമവും പ്രധാനവുമായ ദൈവസേവ എന്നു ഞാൻ വിശ്വസിക്കുന്നു. എന്നാൽ ഇംഗ്ലീഷ് സമൂഹത്തിൽ നഷ്ടപ്പെട്ട മൂല്യങ്ങൾ പുന:പ്രതിഷ്ടിക്കാൻ വരുന്ന ധ്യാനഗുരുക്കന്മാരോടും പാസ്റ്റർമാരോടും ഒന്നു ചോദിച്ചോട്ടെ. നമ്മുടെ സമൂഹത്തിലാണ് ആ പെൺകുട്ടിക്ക് ഇങ്ങനെ സംഭവിച്ചിരുന്നത് എങ്കിൽ, ആ പെൺകുട്ടിയെ കുടുംബക്കാർ ആരും അറിയാതെ അബോർഷൻ നടത്താൻ ശ്രമിക്കും. അതല്ല അവൾ പ്രസവിച്ചിരുന്നെങ്കിൽ ആ കുഞ്ഞിനെ ഏതെങ്കിലും റ്റോയിലിറ്റിൽ എറിഞ്ഞ് കളയും. അതിനുമപ്പുറത്തേക്ക് ആ പെൺകുട്ടി കുറച്ചുകൂടി ധൈര്യം കാണിച്ച് പ്രസവിച്ച് ആ കുട്ടിയെ വളർത്താൻ ശ്രമിച്ചാൽ അവളെ 'വേശ്യ' എന്ന് മുദ്ര കുത്തി തെരുവിൽ തള്ളും.

എന്നാൽ ഈ സമൂഹത്തിൽ മേൽപ്പറഞ്ഞ അച്ഛൻ ആ കുട്ടിയുടെ സംരക്ഷണം ഏറ്റെടുത്തില്ലങ്കിൽ കൂടി ബ്രിട്ടീഷ് സോഷ്യൽ സർവ്വീസ് ആ കുട്ടിയേയും അതിന്റെ മാതാവിനെയും സംരക്ഷിക്കും. ഇത്രയേറെ മാനവികത പുലർത്തുന്ന ഈ സമൂഹത്തിനാണോ അതോ നമ്മുടെ സമൂഹത്തിനാണോ കൂടുതൽ പ്രാർത്ഥന ആവശ്യം.

എർണാകുളം സിറ്റിയിൽ തന്നെ വീടും കൂടും ഇല്ലാതെ അലഞ്ഞു നടന്ന് തെണ്ടി ജീവിക്കുന്ന 290 കുട്ടികൾ ഉണ്ടെന്നാണ് 2 വർഷങ്ങൾക്കു മുമ്പ് മാതൃഭൂമി പത്രം നടത്തിയ ഒരു സർവ്വേയിൽ ചൂണ്ടി കാണിച്ചത്. കേരള സമൂഹത്തിൽ ആകമാനം എത്രയായിരിക്കുമെന്ന് വ്യക്തമായ കണക്കില്ല. അതുപോലെ തന്നെ ആരും നോക്കാനില്ലാതെ അലഞ്ഞു നടക്കുന്ന അപ്പൻമാരുടെയും അമ്മമാരുടെയും കണക്കും വ്യക്തമല്ല. ഇത്തരം ഒരാളെയെങ്കിലും ഈ ഇംഗ്ലീഷ് സൊസൈറ്റിയിൽ കാണാൻ കഴിയുമോ.

നമ്മുടെ നാട്ടിൽ ഇവരെയൊക്കെ സംരക്ഷിക്കാൻ ദൈവവിശ്വാസത്തിന്റെ പേരിൽ ഒത്തിരി നല്ല വ്യക്തികൾ ശ്രമിക്കുന്നു എന്നുള്ളത് എടുത്തു പറയേണ്ടതാണ്. എന്നാൽ ഇംഗ്ലണ്ടിൽ അത്തരം ആളുകളെ സാധാരണ മനുഷ്യരെപ്പോലെ ജീവിക്കാൻ വേണ്ട എല്ലാ സൗകര്യങ്ങളും ഗവൺമെന്റ് ഒരുക്കുന്നുണ്ട്. ഇത് ഈ സമൂഹത്തിന്റെ ശ്രേഷ്ടമായ ദൈവസേവ അല്ല എന്ന് പറയുവാൻ കഴിയുമോ ?

ലോകത്തിൽ ഏററവും കൂടുതൽ ആളുകൾ ആത്മഹത്യ ചെയ്യുന്ന സ്ഥലം കേരളമാണ്. അതിൽ തന്നെ ഏറ്റവും കൂടുതൽ ആളുകൾ ഇടുക്കി ജില്ലയിൽ. ഇതിന്റെ കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയ Indian Express ന്റെ റിപ്പോർട്ടർ ലീലാ മേനോൻ പറയുന്നത് ആത്മഹത്യ കൂടുതലും നടക്കുന്നത് സ്ത്രീകളിലാണ്. അതിൽ കൂടുതലും സ്ത്രീധനവുമായി ബന്ധപ്പെട്ട് കുടുംബത്തിലുണ്ടാകുന്ന സംഘർഷങ്ങളിൽ നിന്നാണ്. കേരളത്തിൽ എത്രയോ അപ്പനമ്മമാർ അവരുടെ മക്കൾക്കുണ്ടായ ഇത്തരം ദുരന്തങ്ങളിൽ മനം നൊന്ത് ജീവിക്കുന്നുണ്ടാകും?. ഇത്തരം ഒരു സംഭവമെങ്കിലും ഈ ഇംഗ്ലീഷ് സമൂഹത്തിൽ നമുക്ക് കാണാൻ കഴിയുമോ

എന്ന് ചിന്തിക്കണം. ഇത്രയേറെ മനുഷ്യത്വരഹിതമായ പ്രവർത്തനങ്ങൾ നടക്കുന്ന നമ്മുടെ സമൂഹത്തിൽ നിന്നും ഇവിടെ മൂല്യങ്ങൾ ഉയർത്താൻ വരുന്ന ഈ ധ്യാനഗുരുക്കന്മാരോടും പാസ്ററർമാരോടും ഒന്ന് ചോദിച്ചോട്ടെ. സ്ത്രീധനം വാങ്ങി കല്യാണം കഴിക്കുന്നവരുടെ വിവാഹം ആശീർവദിക്കാൻ ഞങ്ങൾതയ്യാറല്ല എന്ന് പറയാൻ നിങ്ങൾക്ക് കഴിയുമോ?

ഈ കഴിഞ്ഞ 6 മാസത്തിനുള്ളിൽ കേരളത്തിൽ 19 ഉം 20 ഉം വയസ്സ് പ്രായമായ എഞ്ചിനീയറിംഗിനും എം.ബി.ബി.എസിനും പഠിക്കുന്ന രണ്ട് ആൺകുട്ടികളും രണ്ട് പെൺകുട്ടികളും ആത്മഹത്യ ചെയ്തത് നിങ്ങളും ഞാനും പത്രങ്ങളിലൂടെ വായിച്ചതാണ്.അവരുടെ പ്രണയങ്ങൾക്ക് അവരുടെ കുടുംബങ്ങൾ എതിരായിരുന്നു എന്നതാണ് അവരെ ഈ ദുരന്തത്തിലേക്ക് നയിക്കാൻ കാരണമായത്. ഏദൻതോട്ടത്തിൽ ആദം ഏകനായിരുന്നപ്പോൾ അവനൊരു തുണയെ വേണമെന്ന് കണ്ട് അവന്റെ വാരിയെല്ല് ഊരിയെടുത്ത് ഹവ്വായെ സൃഷ്ടിച്ചു. ദൈവം അവിടെ കല്യാണവും നടത്തിക്കൊടുത്തില്ല, സ്ത്രീധനവും നൽകിയില്ല.

കുടുംബങ്ങളുടെ സാമൂഹ്യനിലവാരവും അംഗീകാരവും നോക്കാതെ തുണയെ കണ്ടെത്തി ജീവിക്കുകയും അവർക്ക് യോജിച്ചു പോകാൻ കഴിയാത്ത സാഹചര്യത്തിൽ മാന്യമായി പിരിഞ്ഞുപോയി രണ്ടുപേരും അവരുടേതായ നിലയിൽ ജീവിക്കുന്ന ഈ സമൂഹത്തിനാണോ കൂടുതൽ പ്രാർത്ഥന ആവശ്യം അതോ സ്ത്രീധനത്തിന്റെയും കുടുംബ മാഹാത്മ്യത്തിന്റെയും പേരിൽ സ്ത്രീയെ മരിക്കാൻ പ്രേരിപ്പിക്കുന്ന സമൂഹത്തിനാണോ കൂടുതൽ പ്രാർത്ഥന ആവശ്യം.

കേരളത്തിലെ രാഷ്ട്രീയ മണ്ഡലത്തിലേക്ക് തിരിഞ്ഞുനോക്കിയാൽ മതരാഷ്ട്രീയത്തിന് കേരളത്തിൽ സ്ഥാനമില്ല എന്ന് പറയുവാൻ സാമാന്യ ബോധമുള്ളവർക്ക് കഴിയുകയില്ല. ഇലക്ഷൻ സമയമാകുമ്പോൾ ബിഷപ്പുമാരുടെ കാല് തൊട്ട് വന്ദിച്ച് ബിഷപ്പുമാർ കൊടുക്കുന്ന പണം കൊണ്ട് ഇലക്ഷൻ ഡിപ്പോസിറ്റ് കെട്ടിവച്ച് ബിഷപ്പുമാരോടൊപ്പം നിൽക്കുന്ന സ്ഥാനാർത്ഥികളുടെ പടവും പത്രങ്ങളിൽ പ്രത്യക്ഷമാകുന്നത് കാണാം. ഇങ്ങനെ ജയിച്ചു വരുന്ന എത്രയാളുകളെ അഴിമതിരഹിതമായി പ്രവർത്തിപ്പിക്കുവാൻ ഈ മൂല്യങ്ങൾ പ്രചരിപ്പിക്കുന്നവർക്ക് കഴിയുന്നുണ്ടന്ന് സ്വയം ചിന്തിക്കുന്നത് നന്നാകും. കേരളത്തിലെ ഉദ്യോഗ സമൂഹം ബഹുപൂരിപക്ഷവും ഈശ്വരവിശ്വാസത്തിലും ആചാരാനുഷ്ടാനങ്ങളിലും നിലനിൽക്കുന്നവരാണ്. അവരിൽ എത്രശതമാനം ആളുകൾ അഴിമതിരഹിതമാണ് എന്ന് പറയാൻ കഴിയും. എന്നാൽ സാധാരണക്കാരുടെ ജീവിതത്തിൽ അഴിമതിരഹിതവും മാന്യവുമായി പെരുമാറുന്ന രാഷ്ട്രീയക്കാരും പോലീസുകാരും സർക്കാരുദ്യോഗസ്ഥന്മാരും ഡോക്ടർമാരും പള്ളീലച്ചന്മാരും ഉള്ള ഈ സമൂഹത്തിനാണോ അതോ കേരള സമൂഹത്തെ ആകമാനം കുടിയന്മാരായി കരുതുന്ന മേൽപറഞ്ഞ വിഭാഗങ്ങൾക്കാണോ കൂടുതൽ പ്രാർത്ഥന ആവശ്യം. ഈ ധ്യാനഗുരുക്കന്മാരും പാസ്റ്റർമാരും വരുന്ന കേരളത്തിലെ “കൊട്ടേഷൻ” സംഘങ്ങളുടെ കഥയും ക്രിമിനൽ പ്രവർത്തനങ്ങളും എല്ലാ ദിവസവും വാർത്തയാണ്. അതു വച്ചു നോക്കുമ്പോൾ ഇവിടുത്തെ യോബ്സിന്റെ (yobs) ആക്രമണങ്ങൾ എത്രയോ ചെറുതാണ് എന്ന് തോന്നിപ്പോകും.

കേരളത്തിൽ ഈ അടുത്ത കാലത്തായി കൂട്ടുകാരായി നടക്കുന്ന ആൺകുട്ടികളുടെയോ പെൺകുട്ടികളുടെയോ ഒരാളുടെ വിവാഹം ഉറപ്പിച്ചു കഴിയുമ്പോൾ ഇവർ ഒരുമിച്ച് ആത്മ ഹത്യ ചെയ്യുന്ന പ്രവണത കണ്ടു വരുന്നു. ഇതിന്റെ കാരണം ഒരുപക്ഷേ അവർ Homosexual ലോ Lesbian നോ ആയിരിക്കാം. അവർ ഒരുമിച്ച് ജീവിക്കാൻ സമൂഹം അനുവദിക്കില്ല എന്നതാണ്. അവരെ ആത്മഹത്യയിലേക്ക് വിലയം പ്രാപിക്കാൻ പ്രേരിപ്പിക്കുന്നത്. (Homosexsual ഉംLesbian ഉം ഒരു രോഗമാണന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ള താണ്.) എന്നാൽ ഈ സമൂഹത്തിൽ അവർക്ക് എല്ലാ അവകാശങ്ങളും അനുവദിച്ച് കൊടുത്ത് അവരെ ജീവിക്കാൻ പ്രേരിപ്പിക്കുന്ന ഈ സമൂഹത്തിനാണോ അവരുടേതല്ലാത്ത കുറ്റത്തിന് അവരെ മരിക്കാൻ പ്രേരിപ്പിക്കുന്ന സമൂഹത്തെയാണോ ദൈവം കാത്തു സംരക്ഷിക്കുന്നത്? ഇതിൽ ആർക്കാണോ കൂടുതൽ പ്രാർത്ഥന ആവശ്യം.

U. K. യിൽ വന്നിരിക്കുന്ന മലയാളികളിൽ ബഹുപൂരിപക്ഷവും nursing ജോലിയു മായി ബന്ധപ്പെട്ടാണ്. ഇവരിൽ തന്നെ കൂടുതൽ പേരും ഇന്ത്യയുടെ പല ഭാഗങ്ങളിലും ഗൾഫിലും ജോലി നോക്കിയിട്ടുള്ളവരാണ്. അതുപോലെ സഭ നടത്തുന്ന സ്ഥാപനങ്ങളി ലും. അവിടെ അവർക്ക് കിട്ടിയ അനുഭവങ്ങളും പെരുമാറ്റങ്ങളും തന്നെയാണോ ഇവിടെ കിട്ടിക്കൊണ്ടിരിക്കുന്നത്. എന്ന് ഈ സമൂഹത്തെ നന്നാക്കാൻ വരുന്നവർ ഒന്ന് അന്വേഷി ച്ചാൽ നന്നാവും. ഇതെല്ലാം പറയുന്നത് കേരള സമൂഹത്തിൽ ക്രിസ്തീയ സഭ നടത്തിയിട്ടു ള്ള പ്രത്യേകിച്ച് വിദ്യാഭ്യാസ മേഖലയിൽ നടത്തിയിട്ടുള്ള സേവനങ്ങളെ വിലകുറച്ച് കണ്ടുകൊണ്ടല്ല.

ലോകത്തിന്റെ രക്ഷ ഇസ്ലാമിലൂടെ എന്ന് ഭാരതത്തിന്റെ മതിലിൽ എഴുതി വക്കുന്ന ഇസ്ലാം മതത്തിന്റെ സ്വാദീനമുള്ള സൗദി അറേബ്യ ഉൾപ്പെടെയുള്ള ഗൾഫ് രാജ്യങ്ങളിൽ ഒരേ ജോലി ഇന്ത്യക്കാരനും ഇംഗ്ലീഷ്കാരനും കിട്ടുന്ന ശമ്പളം എത്രയോ വ്യത്യസ്തമാണ്.

മലഞ്ചരക്ക് വ്യാപാരം നിയന്ത്രിച്ച് കൊണ്ടിരുന്ന ഡച്ചുകാരായ കച്ചവടക്കാർ ഒരു റാത്തൽ കുരുമുളകിന് 5 ഷല്ലിംഗ് വർദ്ധിപ്പിച്ചതിൽ ഒരു ന്യായവും ഇല്ല. വിശ്വസിച്ച് ലണ്ടൻ നഗരത്തിലെ 24 കച്ചവടക്കാർ ഒരുമിച്ച് 1599 ൽ തുടക്കമിട്ട EAST INDIA COMPANY യെ പ്രതിനിധികരിച്ച് 1600 ഡിസംബർ മാസം 24 -ാം തീയതി Hector എന്ന കൊച്ചുകപ്പലിന്റെ കപ്പിത്താനായി ബോംബെയ്ക്ക് വടക്ക് ഭാഗത്തുള്ള സൂററ്റ് തുറമുഖത്ത് എത്തിച്ചേർന്ന Capton William Hokings ഒരു പക്ഷേ ചിന്തിച്ചിരിക്കില്ല. തന്റെ ഈ യാത്ര ബ്രിട്ടീഷ് സിംഹാസ നത്തെ ലോകത്തെ ഭൂരിപക്ഷം വരുന്ന ഭൂപ്രദേശത്തെ അധികാരിയാക്കുന്നതിനുവേണ്ടിയുള്ള തുടക്കം ആകുമെന്ന്. അങ്ങനെ നീണ്ട 350 വർഷക്കാലം ബ്രിട്ടൺ നേരിട്ടും അല്ലാതെയും ഇന്ത്യയെ ചവിട്ടിമെതിച്ച് ഭരിച്ചു. ആ ഇന്ത്യയിൽ നിന്നും വരുന്നവരെയും പാക്കിസ്താനിൽ നിന്ന് വരുന്നവരെയും എല്ലാം മനുഷ്യനായി കണ്ട് ബ്രിട്ടീഷ് കാരനെപ്പോലെ ജീവിക്കാൻ അനുവദിക്കുന്ന ഈ രാജ്യത്തിനാണോ കൂടുതൽ പ്രാർത്ഥന ആവശ്യം അതോ മനുഷ്യനെ വ്യത്യസ്ത തലത്തിൽ പരിഗണിക്കുന്ന മേൽ പറഞ്ഞ മതാതിഷ്ടിത സമൂഹത്തിനാണോ കൂടുതൽ പ്രാർത്ഥന ആവശ്യം.

ഇനി ധ്യാനഗുരുക്കന്മാർ ഉത്പോധിപ്പിക്കാൻ വരുന്ന ആളുകൾക്ക് കിട്ടുന്ന ശമ്പളത്തിന്റെ ഉറവിടം കൂടി പറഞ്ഞുകൊള്ളട്ടെ. ഇവിടെ ഒരു ലക്ഷവും ഒന്നര ലക്ഷവും ശമ്പളം കിട്ടുന്ന ആളുകളിൽ നിന്ന് പിരിച്ചുകിട്ടുന്ന പണം കൊണ്ടാണ് ഈ രാജ്യത്ത് ഇന്നലെകളിൽ ഉണ്ടായിരുന്ന ആത്മീയത തിരിച്ചുകൊണ്ടു വരുന്നതിനു വേണ്ടി ആത്മീയ ഗുരുക്കന്മാരും പാസ്റ്റർമാരും ഇവിടെ എത്തിച്ചേരുന്നത്. ഈ പണം എവിടെ നിന്നാണ് ഗവൺമെന്റ് കണ്ടെത്തി ശമ്പളം ആയി നൽകുന്നത് എന്നറിയാൻ സിറ്റിസൺഷിപ്പ് കിട്ടുന്നതിനുവേണ്ടിയുള്ള ടെസ്റ്റ് ബുക്ക് വായിച്ചാൽ മതിയാകും. ലോക്കൽ കൗൺസിലുകളുടെ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഫണ്ടിന്റെ 20% മാത്രമാണ് ജനങ്ങളിൽ നിന്നും കളക്റ്റ് ചെയ്യുന്നത്. ബാക്കിയുള്ള 80% സെന്റർ ഗവൺമെന്റിന്റെ ഫണ്ട് ആണ്. സെന്റർ ഗവൺമെന്റ് ഈ ഫണ്ട് കണ്ടെത്തുന്നത് ലോകത്ത് അങ്ങോളം ഇങ്ങോളം പ്രവർത്തിക്കുന്ന ബ്രിട്ടീഷ് മൾട്ടിനാഷണൽ കമ്പനിയിൽ നിന്നുമാണ്. അത്തരം കമ്പനികളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനു വേണ്ടിയാണ് ലോകത്തിന്റ പല ഭാഗങ്ങളിലും സൈനിക കടന്നാക്രമണങ്ങൾ നടക്കുന്നതെന്ന് സൂഷ്മമായി പരിശോധിച്ചാൽ നമുക്ക് മനസ്സിലാകും. അങ്ങനെ നോക്കിയാൽ അത്തരം കടന്നുകയറ്റങ്ങളിലൂടെ ജീവൻ നഷ്ടപ്പെടുന്ന ബ്രിട്ടീഷ് പട്ടാളക്കാരന്റെ രക്തത്തിൽ നിന്നാണ് ഈ പണം കണ്ടെത്തുന്നത്.

കടന്നുകയറ്റത്തിന്റെയും രക്തത്തിന്റെയും കറയായ ഈ പണത്തിൽ നിന്നും പിരിവെടുത്ത് ഇവിടെ വരുന്നത് പോലും എത്രയോ ദൈവനിന്ദയാണ് എന്ന് ഈ ധ്യാനഗുരുക്കന്മാർ ചിന്തിക്കണം. ഓരോ കേരളീയരും മനസ്സിന്റെ അടിത്തട്ടിൽ സൂക്ഷിക്കുന്ന ഒരു ജന്മിയും ജന്മിത്ത മൂല്യങ്ങളുമുണ്ട് എന്ന് മനസ്സിലാക്കാൻ കേരളത്തിൽ അടുത്ത കാലത്ത് വിജയിച്ച സിനിമകളുടെ ലിസ്റ്റ് എടുത്ത് പരിശോധിച്ചാൽ മതിയാകും. കേരള സമൂഹം വിദ്യാസമ്പന്നവും സാംസ്കാരികമായി മുന്നിൽ നിൽക്കുന്നവരാണ് എന്ന് നമ്മൾ അഭിമാനം കൊള്ളുമ്പോഴും ചൂഴ്ന്ന് പരിശോധിച്ചാൽ ജനാതിപത്യ സംസ്കാരത്തിന്റെ തുടക്കം പോലും അവിടെ നടന്നിട്ടില്ല എന്നു മനസ്സിലാക്കാൻ കേരളത്തിലെ കുടുംബബന്ധങ്ങളിലേക്ക് തിരിഞ്ഞു നോക്കിയാൽ മതി. സ്ത്രീയെ ഇന്നും രണ്ടാംതരം പൗരന്മാരായി കാണുന്ന കുടുംബ ക്രമമാണ് നാം ഇന്നും പിന്തുടരുന്നത്.

സ്ത്രീയും പുരുഷനും ഒരുപോലെ സമന്മാരായി കഴിയുന്ന ബ്രിട്ടീഷ് സമൂഹത്തിൽ ജീവിക്കാൻ കഴിഞ്ഞപ്പോൾ മലയാളികളുടെ ജന്മിത്ത കുടുംബ സംസ്ക്കാരം ചോദ്യം ചെയ്യപ്പെടുമോ എന്ന ആത്മസംഘർഷത്തിലാണ് ഇവിടുത്തെ മലയാളി പുരുഷ സമൂഹം എന്ന് തോന്നിപ്പോകുന്നു. ഇതിന്റെ ഏറ്റവും വലിയ തെളിവാണ് ക്രിസ്തുമസ്സ് ആഘോഷത്തിന് അവതരിപ്പിച്ച നാടകം.

ഒരു സ്ത്രീയുടെ കുടുംബത്തിലെ അധിക ഭരണം ചൂണ്ടികാണിച്ചുകൊണ്ട് സ്ത്രീ സമൂഹത്തെ ആകമാനം അവഹേളിച്ച് കൊണ്ട് നടത്തിയ ആ നാടകത്തിലേക്ക് സൂക്ഷിച്ച് നോക്കിയാൽ നശിച്ചുകൊണ്ടിരിക്കുന്ന ജന്മിത്ത കുടുംബ സംസ്ക്കാരത്തെ പുന: പ്രതിഷ്ടിക്കാനുള്ള ഒരു ശ്രമം കാണാൻ കഴിയും. ഇത് തന്നെയാണ് ഇവിടെ വരുന്ന ധ്യാനഗുരുക്കന്മാരും പാസ്റ്റർമാരും ചെയ്യുന്നത്. ബൈബിളിലെ വചനങ്ങൾ ഉരുവിട്ട് പുരുഷ മേധാവിത്വത്തെ

പുന: പ്രതിഷ്ടിക്കാൻ ശ്രമിക്കുന്ന ഇവർ തങ്ങളുടെ ചെറിയ യൂണിറ്റായ കുടുംബത്തിൽ ജന്മിസംസ്ക്കാരത്തെ പുന:പ്രതിഷ്ടിച്ചുകൊണ്ട് വലിയ ജന്മി ആയി നിൽക്കാൻ ശ്രമിക്കുന്നു. ഇതിൽ ഉറങ്ങിക്കിടക്കുന്ന ഒരു സ്വാതന്ത്ര്യ നിഷേധവും ജനാതിപത്യ ധ്വംസനവും സൂക്ഷിച്ചു നോക്കിയാൽ കാണാൻ കഴിയും. എന്നാൽ ഇത് അധിക കാലം മുൻപോട്ട് കൊണ്ടു നടക്കാൻ കഴിയില്ല എന്ന് വിദ്യാസമ്പന്നരായ ധ്യാനഗുരുക്കന്മാർക്ക് തിരിച്ചറിയാൻ കഴിയുന്നുണ്ട്. അതുകൊണ്ടാണ് അവർ ഇന്ന് തിയോളജിക്ക് അപ്പറത്തേക്കുള്ള LLB, MSW മുതലായ മേഖലകളിലേക്ക് തിരിഞ്ഞിരിക്കുന്നത്.

ജന്മി കുടുംബ സംസ്ക്കാരം ഇംഗ്ലണ്ടിൽ തകർന്നപ്പോൾ ഇവിടുത്തെ പള്ളിയും അതോടൊപ്പം തകർന്നു. അതുകൊണ്ട് തന്നെ അത്തരം ജന്മിമൂല്യങ്ങൾ ഉയർത്തിപ്പിടിക്കേണ്ടത് നിങ്ങളുടെ ആവശ്യമാണ്. അതു നിങ്ങൾ തുടർന്നു കൊള്ളുക.

പണ്ട് ഒരു പാസ്റ്റർ പ്രസംഗിച്ചതുപോലെ സോദൻഗോമോറയെ ശപിച്ച ദൈവം അമേരിക്കയെ ശപിച്ചില്ലങ്കിൽ സോദൻഗോമോറെയോട് ക്ഷമ പറയേണ്ടിവരും എന്ന്. അതുപോലെ നിങ്ങളും ഈ രാജ്യത്തെ ശപിക്കാൻ പ്രാർത്ഥിച്ചാൽ രണ്ടാം ലോക മഹായുദ്ധം കഴിഞ്ഞ അവസ്ഥയിലേക്കോ അല്ലങ്കിൽ ഇപ്പോഴത്തെ Queen Elisabeth ന്റെ സ്ഥാനാരോഹണ ചടങ്ങിൽ (1953 ജൂൺ 2) ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന പോലീസ്കാർക്ക് അഡീഷണൽ ആയി കൊടുക്കാൻ സർക്കാരിന് കഴിഞ്ഞത് ഡിന്നറിന് രണ്ട് കഷണം പന്നി ഇറച്ചിയായിരുന്നു. ആ അവസ്ഥയിലേക്ക് ഈ രാജ്യത്തിന്റെ സാമ്പത്തിക നില തിരിച്ചുപോയാൽ യുദ്ധം ദേശീയ പാരമ്പര്യത്തിന്റെ ഭാഗമായി കാണുന്ന ബ്രിട്ടീഷ്കാരൻ യൂദന്മാർക്കെതിരെയും, കറുത്ത വർഗ്ഗക്കാർക്കെതിരെയും ഐറിഷ്കാർക്കെതിരെയും തിരിഞ്ഞതുപോലെ ഞങ്ങൾക്കെതിരെ തിരിഞ്ഞാൽ ശാന്തിയുടെയും സമാധാനത്തിന്റെയും മാത്രം മന്ത്രം ഉയരുകയും സത്യമേവ ജയതേ എന്നത് ഹൃദയതുടിപ്പായി കരുതുന്ന ഭാരതത്തിൽ നിന്നും വന്നവർ എന്ന നിലയിൽ ഞങ്ങൾക്ക് പിടിച്ചു നിൽക്കാൻ കഴിഞ്ഞെന്നുവരില്ല.അങ്ങനെ സംഭവിച്ചാൽ ഞങ്ങൾക്കിവിടം വിടുകയേ നിവൃത്തിയുള്ളു. അത്തരം ഒരു സാഹചര്യം രൂപപ്പെട്ടാൽ ലോക സമൂഹത്തിന് വലിയ സംഭാവന ചെയ്ത വ്യവസായിക വിപ്ലവത്തിനും കാർഷിക വിപ്ലവത്തിനും തുടക്കമിടുകയും മനുഷ്യന്റെ ജീവിത നിലവാരം ഉയർത്തുന്നതിനു വേണ്ടി ഒട്ടേറെ കണ്ടുപിടുത്തങ്ങൾ നടത്തുകയും മനുഷ്യ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള വലിയ രാഷ്ട്രീ ധ്രുവീകരണത്തിന് തുടക്കമിടുകയും ചെയ്ത് ഈ രാജ്യത്തേക്ക് നിങ്ങൾക്കും വരാൻ കഴിയില്ല എന്നുളളതാണ് യാഥാർത്ഥ്യം.

ലോകത്ത് ഈ അടുത്ത കാലത്ത് നടന്ന ഏറ്റവും വലിയ ദുരന്തമായിരുന്നു ഹെയ്തിയിലെ ഭൂകമ്പം. ആ ദുരന്തത്തിൽപ്പെട്ടവരെ സഹായിക്കാൻ ലോകത്തിന്റെ രക്ഷ ക്രിസ്തുവിലൂടെ അല്ലെങ്കിൽ ലോകത്തിന്റെ രക്ഷ ഇസ്ലാമിലൂടെ എന്ന് അങ്ങോളമിങ്ങോളമുള്ള മതിലുകളിൽ എഴുതി വയ്ക്കുന്ന മതസംഘടനകൾക്ക് സ്വാദീനമുള്ള രാഷ്ട്രങ്ങളിൽ നിന്നാണോ അതോ വിശ്വാസം നഷ്ടപ്പെട്ടു എന്ന് വിലപിക്കുന്ന ബ്രിട്ടണിൽ നിന്നും അമേരിക്കയിൽ നിന്നുമാണോ പട്ടാളവും അഗ്നിശമന സേനയും എത്തിയത്. ബ്രിട്ടണിൽ നിന്ന് ചെന്ന പട്ടാളക്കാർ കെട്ടിടത്തിന്റെ അടിയിൽ കുടുങ്ങിയ കുട്ടികളെ രക്ഷിക്കുന്നതിന്റെയും ഭക്ഷണം വിതരണം ചെയ്യുന്നതിന്റെയും ദൃശ്യങ്ങൾ നമ്മൾ റ്റി.വി. യിലൂടെയും പത്രങ്ങളിലൂടെയും കണ്ടതാണ്. ഇത് ഒരു വലിയ ദൈവസേവയല്ല എന്ന് പറയാൻ കഴിയുമോ?

നിങ്ങളിൽ 5 പേരെങ്കിലും നല്ലവരുണ്ടങ്കിൽ ഞാൻ ഈ രാജ്യത്തെ നശിപ്പിക്കില്ലന്നാണ് ലോത്തിനോട് ദൈവം പറഞ്ഞത്. അങ്ങനെയെങ്കിൽ നിങ്ങൾ ഉയർത്തുന്ന മൂല്യങ്ങളിൽ വിശ്വസിക്കുന്ന 5 പേരെങ്കിലും ഈ രാജ്യത്ത് ഇല്ലാതിരിക്കുമോ?. ഇല്ലെങ്കിൽ അത് നിങ്ങളുടെ പരാജയമായെ കാണാൻ കഴിയു. അതുകൊണ്ട് ഈ രാജ്യത്തെ പഴിക്കുന്നത് ഒഴിവാക്കണമെയെന്ന് വിനയത്തോടെ അപേക്ഷിക്കുന്നു. "ചോറെവിടെയാണോ അവിടെയായിരിക്കണം കൂറ്"എന്ന ഒരു അവബോധം ഉള്ളതുകൊണ്ടാണ് ഇങ്ങനെ പറഞ്ഞുപോകുന്നത്.

ഇത്രയേറെ മലയാളികൾക്ക് ജോലി ചെയ്യാനും ജീവിക്കാനും അവസരം തന്ന ഈ രാജ്യത്തിനു വേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം 16 വർഷം ഒരു പാവം കന്യാസ്ത്രീയെ കൊന്നിട്ട് അത് മറച്ചു വച്ചവർക്കു വേണ്ടിയും ഐർലണ്ടിലെയും ഇറ്റലിയിലെയും അമേരിക്കയിലെയും കുട്ടികളെ പീഡിപ്പിക്കുകയും അത് 10 വർഷത്തോളം മറച്ചു വക്കാൻ ശ്രമിച്ചവർക്കുവേണ്ടിയും ജീവിതത്തിൽ സ്വയം തോറ്റുകൊണ്ട് വിജയം നേടിയ ക്രിസ്തുവിനോടും യഹോവയോടും പരബ്രഹ്മത്തോടും അള്ളാഹുവിനോടും നമുക്ക് പ്രാർത്ഥിക്കാം.

ഒരു ഭാരതീയനെന്ന നിലയിൽ നമുക്ക് അഭിമാനിക്കാൻ ഒത്തിരിയുണ്ട്. ലോകാ സമസ്ത സുഖനോ ഭവന്തു എന്ന ശബ്ദം ഉയരുന്നത് ഭാരതത്തിന്റെ ഹൃദയത്തിൽ നിന്നാണ്. "സമാധാനത്തിന്റെ അപ്പസ്തോലന്മാരും ക്രിസ്തുമതത്തിന്റെ സുഹൃത്തും എന്ന് " തന്റെ അനുശോചന സന്ദേശത്തിൽ 12-ാം പീയുസ് മാർപ്പാപ്പ പറഞ്ഞ മഹാത്മാഗാന്ധിക്കും അതുപോലെ ശ്രീബുദ്ധനും വിവേകാനന്ദനും ശ്രീനാരായണ ഗുരുവിനും ജന്മം കൊടുത്ത നാടാണ് നമ്മുടേത്. ഇന്ത്യയിലെ അനാഥരായ കുഞ്ഞുങ്ങളുടെ അമ്മയായി ജീവിച്ച് ലോകത്തിന് മുഴുവൻ മാതൃകയായ മദർ തെരേസ അന്ത്യവിശ്രമം കൊള്ളുന്നത് നമ്മുടെ രാജ്യത്താണ്. 2000 വർഷങ്ങൾക്ക് മുമ്പ് രാജ്യവും സർവ്വതും നഷ്ടപ്പെട്ട് ഇന്ത്യയിലേക്ക് അഭയാർത്ഥികളായി വന്ന യൂദന്മാരെ ജീവിക്കാനും വളരാനും അനുവദിച്ച അപൂർവ്വം രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. ഇന്ത്യയിലേക്ക് കടന്നുവന്ന ക്രിസ്ത്യാനിയേയും ഇസ്ലാമിനെയും പാലായനം ചെയ്തുവന്ന പാഴ്സിയെയും എല്ലാം സംരക്ഷിച്ചു എന്ന് മാത്രമല്ല അവർക്കെല്ലാം വളരാനും പന്തലിക്കാനും അവസരം കൊടുത്താണ് നമ്മുടേത്.

പ്രകൃതിയിൽ നിന്നും അകന്നു നിൽക്കാത്ത വിശ്വാസവും ആത്മീയതയും കൊണ്ട് ലോകം ഇന്ന് അഭിമുഖീകരിക്കുന്ന climate change (കാലാവസ്ഥ വ്യതിയാനം) എന്ന പ്രശ്നത്തിന് വളരെ നേരത്തെ പരിഹാരം കണ്ടെത്തിയിരുന്ന നാടാണ് ഇന്ത്യ. ഒരു മരത്തെ വെട്ടുന്നതിനു മുമ്പ് നിന്നെ വെട്ടാൻ എന്നെ അനുവദിക്കണമെന്നും അതിൽ താമസിക്കുന്ന പക്ഷികൂട്ടങ്ങളോട് പറന്നു പോകാൻ അപേക്ഷിക്കുകയും ചെയ്യുന്ന പ്രകൃതി ജീവന സംസ്ക്കാരം ഭാരതത്തിൽ മാത്രമേ കാണാൻ കഴിയു. ഇതിലൊക്കെയാണ് നാം അഭിമാനം കൊള്ളേണ്ടത് അല്ലാതെ തുരുമ്പിച്ച ജന്മികുടുംബ സംസ്ക്കാരം പുന:സ്ഥാപിക്കുന്നതിലല്ല.

**ടോം ജോസ് തടിയമ്പാട്**